പതിനഞ്ചാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2071 01.09.2022 ൽ മറുപടിക്ക്

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ടി. ജെ. വിനോദ് | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ജില്ലാ/ താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ 15/06/2010 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത സ്വ ഭ വ, 14/03/2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത സ്വ ഭ വ, 13/11/2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഹോസ്പിറ്റൽ മാനേജ്മന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നു.<br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ/ജനറൽ/സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവിടങ്ങളിൽ 29/01/1983 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ., 05/11/2001 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ, 13/11/2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നു. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നത് തടയാനുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ ചട്ട പ്രകാരം മാത്രമാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി / ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ നിയമിക്കാവൂവെന്ന് നിർദ്ദേശംനൽകിയിട്ടുണ്ട്. പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഹോസ്പിറ്റൽ മാനേജ്മന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത കമ്മിറ്റിയുടെ അധികാരങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി / ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ അധികാരങ്ങളും ഈ ഉത്തരവുകളിൽ വ്യവസ്ഥ ചെയ്യുന്നു.<br>(1) 29/01/1983 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ. (അനുബന്ധം 1)<br>(2) 05/11/2001 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ (അനുബന്ധം 2)<br>(3) 15/06/2010 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത സ്വ ഭ വ (അനുബന്ധം 3)<br>(4) 14/03/2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത സ്വ ഭ വ (അനുബന്ധം 4)<br>(5) 13/11/2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ (അനുബന്ധം 5) |
| (ഡി) | കുടുംബാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വ്യത്യാസമുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രികളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | വ്യത്യാസമുണ്ട്.<br>ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി / ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>(1) 29/01/1983 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 26/83/ ആ.വ. (അനുബന്ധം 1)<br>(2) 05/11/2001 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 277/2001/ ആ.കു.വ (അനുബന്ധം 2)<br>(3) 15/06/2010 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ ത സ്വ ഭ |

| | | | |
|---|---|---|---|
| | | | വ (അനുബന്ധം 3)<br>(4) 14/03/2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/ ത സ്വ ഭ വ (അനുബന്ധം 4)<br>(5) 13/11/2017 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ ആ.കു.വ (അനുബന്ധം 5)<br>മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ ആശുപത്രിയും അതിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി / ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രത്യേകം ബൈലാ തയ്യാറാക്കി തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. |
| (ഇ) | അനാവശ്യമായ തർക്കങ്ങളിലൂടെ ഒരംഗം ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ പ്രവർത്തിച്ചാൽ ആ അംഗത്തിനെതിരെ എന്ത് നടപടിയാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കുമോ? | (ഇ) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി/ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്തിനെതിരെ ചട്ടങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കാവുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം 1

GOVERNMENT OF KERALA

**Abstract**

HOSPITAL DEVELOPMENT COMMITTEES—RULES AND PROCEDURE RELATING TO THE CONSTITUTION AND WORKING OF—ORDERS ISSUED

HEALTH (M) DEPARTMENT

G. O. (Ms.) 26/83/HD. *Dated, Trivandrum, 29th January, 1983.*

*Read:*—G. O. (Ms.) 201/77/HD. dated 3-9-1977.

## ORDER

The High Power Committee headed by Dr. K. N. Pai recommended that the people's involvement can be achieved only by democratically constituted bodies and have envisaged the concept of Hospital Development Committees in the place of Hospital Welfare and Advisory Committees. The Committees would serve as a body which would keep constant vigil on the working of the institution concerned and would render whatever assistance is necessary by way of voluntary service or financial contributions so as to meet exigencies and to ensure steady development of the institution. On the basis of these recommendations Rules were framed by Government.

In supersession of all the existing orders on the subject, Government prescribe the Rules in the Annexure to regulate the constitution and working of the Hospital Development Committees.

By order of the Governor,

C. RAMACHANDRAN,

*Secretary to Government.*

3/4477/92/MC

**Annexure**

# RULES AND PROCEDURE RELATING TO THE CONSTITUTION AND WORKING OF HOSPITAL DEVELOPMENT COMMITTEES.

(A) *Introductory*

Hospital Advisory Committee consisting of Members nominated by the Government from the public at large and representatives of the staff had been in existence in the State for a long time. But these Committees were functionally ineffective and seldom used to meet. No constructive or developmental activities were undertaken by them. Hence Government replaced these Committees by Hospital Welfare and Advisory Committees. The High Power Committee headed by Dr. K. N. Pai recommended that peoples involvement can be achieved only by democratically constituted bodies and have envisaged the concept of Hospital Development Committees in the place of Hospital Welfare and Advisory Committees. The recommendation has been accepted by the Government.

(B) *Object*

To keep constant vigil on the working of the Institution concerned; to render whatever assistance is necessary by way of voluntary service or financial contribution so as to meet exigencies; to ensure steady development of the institution and to take up certain responsibilities for the better functioning and improvement of the institution.

(C) *Constitution*

The Constitution of the Hospital Development Committees and the authority to constitute the same will be as specified in the schedule.

(D) *Rights and responsibilities of the Committee*

(a) To find out defects; if any, in the amenities and functioning of the institutions and devise ways of remedying them.

(b) To strive to maintain orderliness and cleanliness in the institutions and their surroundings.

(c) To assess monetary requirements for improvements and organise ways and means to collect funds.

(d) To exercise proper control and keep up vigilance in preventing malpractices.

(e) To help organise Health Education and Mass Medical Champaigns.



(f) To organise voluntary Blood Banks and Drugs Banks, public ...ert stations and by-standars dormitories.

(g) To run canteens and medical shops to provide supplies at fair ...

(h) To initiate welfare and development activities and to mobilise ...ations from individuals/voluntary organisations.

(i) To maintain social discipline in hospitals.

(j) To take up construction and repair works not exceeding Rs. 10,000 ... supply of diet.

...—Regarding the details and conditions of construction works and supply of diet separate orders will be issued.

E *Rules and Procedures*

## I. Membership

(a) Nomination shall be made by the Government or by the authority empowered by the Government. Nominations made against vacancies arising in the middle of the term should be limited to the period by which the term of the other nominated members of the Committee expires.

(b) If a nominated member absents himself/herself for three consecutive meetings, the member shall be liable to be removed from the Committee. The Committee may recommend the restoration of membership of a member so removed on application by the individual concerned, if the Committee is satisfied that there were sufficient reasons for the absence. The Chairman may restore the membership on such recommendations of the Committee.

(c) In the case of an official member, when he himself is unable to attend the meeting due to other pre-occupations, he may depute one of his subordinates to represent him at the meeting.

(d) District Collectors may depute one of the Deputy Collectors to represent them at the meeting when they themselves are unable to attend. They may do so only when such nomination becomes inevitable.

(e) If a Member of Legislative Assembly nominated as a non-official member of the Committee absents himself/herself from the meetings for more than 3 times due to other inevitable pre-occupations, it should not be taken as sufficient reason for his/her removal from the Committee on the ground that he/she has absented himself/herself for more than 3 consecutive meeting.

## II. Meeting

The Committee shall meet at least once in 3 months. The proceedings/recommendations of the Committee relating to the Medical College Hospital shall be forwarded to Secretary to Government, Health Department for information. The recommendations relating to District Hospitals and Special Hospitals shall be forwarded to Director of Health Services. The proceedings of the taluk level Committees shall be forwarded to the District Medical Officers and the Director of Health Services and those of the Government Dispensaries, Government Rural Dispensaries, Primary Health Centres and other peripheral Hospitals to the District Medical Officers.

## III. Quorum for the meeting

One fourth of the members shall from the quorum of the committee, subject to the condition that at least one of the members present should be a non-official. The Chairman shall normally preside over the meetings of the Committee. In the absence of the Chairman, the members present shall elect a Chairman for the particular meeting.

## IV. Scope of the meeting

(a) The meetings shall be convened by the Secretary and Treasurer in consultation with the Chairman. The Committees may discuss topics of public interest and importance connected with the institutions concerned. It shall be open to any member of the Committee to forward to the Secretary his remarks or suggestions to be placed before the Committee for discussion.

(b) All suggestions and recommendations for the improvement of the institutions and for the welfare of patients may be brought before the Committee for discussion and decision by a majority. In case of equality of votes, the Chairman shall have a casting vote.

(c) The minutes of the meeting shall be recorded in a Book and shall be signed by the Chairman or the Member who presides over the meeting in the absence of the Chairman.

(d) At the beginning of each year the Superintendents and Medical Officers in charge of institutions should place before the Committee, the budget provisions for the different activities of the institution for the year and they should also briefly outline the activities that they propose to organise during the year to enable the non-official members to know the limitations under which the institution is working so that discussions will be realistic. When the Committees meet once in three months, a review of the activities of the Committee since the last meeting may be made and it should chalk out advance programme for the coming three months.



(e) It shall be the duty of the Superintendents and Medical Officers in charge of the institution concerned to point out the impracticability of any suggestion mooted during the Committee's discussion then and there so that there may not be any room for future complaint that the recommendations of the Committee were not given due consideration. They will be responsible for the implementation of the recommendations as approved by the Committee. If the Superintendents and Medical Officers concerned are not able to implement any of the recommendations, they should make a report at the next meeting exlpaining the reasons therefor. The Committee will have the right to discuss the report and record their findings as to whether they are satisfied with the report or not. If they are not satisfied the fact should be reported to the higher authorities together with the views of the Committee on the matter.

## V. Institution visits

(a) The individual members of the Committee may arrange with the Superintendents or Medical Officer in charge to visit the institution at any time during working hours at least once in a month.

(b) They shall have access to every section or branch of the institution except operation theatre, labour room and examination room.

(c) The members may also pay surprise visits to the Hospitals.

(d) A visitors' book shall be opened in each institution for the members to note their remarks.

(e) The Superintendent or the Medical Officer in-charge should forward a copy of the remarks, recorded by the visitors especially when it is not complimentary, to the District Medical Officers or to the concerned Officers.

(f) Identity Cards shall be issued to the members by the Superintendents or the Medical Officer in-charge concernd.

F *Ayurveda and Homoeo Departments*

As for development committees of Indigenous Medicine and Department of Homoeopathy, the above orders shall be applicable with suitable modifications in respect of official members.

## SCHEDULE

### A. CONSTITUTION OF HOSPITAL DEVELOPMENT COMMITTEES

I. *Medical College Hospitals*

**(A) Official Members**

1. District Collector—Chairman.
2. Superintendent of Medical College Hospital—Secretary and Treasurer.
3. Principal, Medical College.
4. Superintendents of other teaching Hospitals under the control of the Principal of concerned Medical College.
5. District Medical Officer of Health of the District in which the Medical College is situated.
6. Local Executive Engineer, B & R.
7. Local Executive Engineer, PHED
8. Local Executive Engineer, KSEB.
9. Nursing Superintendent of Medical College Hospital.

**(B) Non-Official Members**

1. Mayor of the Corporation or Chairman of the Municipality in which the Medical College Hospital is situated.
2. Local M. L. A.
3. Seven representatives of major political parties.
4. Three representatives of Rotary/Lions Club or similar organisations.
5. One Journalist
6. Two representatives from among the public.

II. *District Hospitals*

**(A Official Members**

1. District Collector—Chairman
2. Superintendent of District Hospital—Secretary and Treasurer
3. Superintendent of Women & Children Hospital of the district.
4. District Medical Officer of Health
5. Local Executive Engineer, B&R
6. Local Executive Engineer, PHED
7. Local Executive Engineer, KSEB
8. Nursing Superintendent of the District Hospital

**(B Non-Official Members**

1. Mayor of the Corporation or Chairman of the Municipality in which the District Hospital is situated.
2. Local MLA



Seven representatives of major political parties

Three representatives of Rotary/Lions Club or similar organisations.

One Journalist.

Two representatives from among the public.

*Taluk and Taluk Level Hospitals*

**A Official Members**

Superintendent of the Hospital—Secretary & Treasurer

Local Tahsildar

Local Assistant Executive Engineer, B&R

Local Assistant Executive Engineer, PHED

Local Assistant Executive Engineer, KSEB

Nursing Superintendent or senior most Head Nurse of the Hospital.

**B Non-Official Members**

Local MLA.

Chairman of the Municipality or President of Panchayat in which the Hospital is situated.

Seven representatives of major political parties one whom will be the Chairman.

One representative of Rotary/Lions Club/Similar Organisation.

One Journalist.

Two representatives from among the public.

*Rural Hospitals, P.H. Centre*

**A Official Members**

Medical officer in charge—Secretary and Treasurer

Block Development Officer

Local Assistant Engineer, B&R.

Local Assistant Engineer, PHED

Local Assistant Engineer, KSEB

Senior most Nurse or ANM of the Institution.

**B Un-Official Members**

M. L. A.

Chairman of the Municipality or the President of the Panchayat in which the Institution is situated.

Seven representatives of major political parties of which one will be nominated as Chairman.

One or two representatives of Rotary/Lions Club / Social Organisations wherever they exist.

അനുബന്ധം 2.

# GOVERNMENT OF KERALA

Abstract

Hospital Development Committees / Hospital Development Societies - Rules and Procedures relating to Constitution / Reconstitution and Working of - Revised Orders issued.

## HEALTH & FAMILY WELFARE (M) DEPARTMENT

G.O.(M.S.)No.277/01/H&FWD Dated, Thiruvananthapuram, 5-11-2001

Read :

1. G.O.(MS) 26/83/HD dated, 29-1-83.
2. G.O.(MS) 132/97/H&FWD dated, 8-4-97.
3. G.O.(MS) 281/99/H&FWD dated, 12-7-99.
4. G.O.(MS) 30/99/H&FWD dated, 25-1-99.
5. G.O.(MS) 77/99/H&FWD dated, 20-2-99.
6. G.O.(MS) 436/99/H&FWD dated, 25-10-99.
7. G.O.(MS) 44/2000/H&FWD dated, 19-2-00.
8. G.O.(MS) 850/2001/H&FWD dated, 26-3-01.
9. G.O.(MS) 227/2001/H&FWD dated 28-8-01.

## ORDER

Government are pleased to order reconstitution of all the Hospital Development Committees / Hospital Development Societies in the State with immediate effect in accordance with the existing guidelines.

I (a) District Collectors shall reconstitute the Hospital Devleopment Committees/ Hospital Development Socieities in respect of Medical College Hospitals (Allopathy, Homoeo & Ayurveda), General Hospitals, Speciality Hospitals, Ayurveda College Hospitals and Homoeo Medical College Hospitals under their Chairmanship,

(b) Jilla Panchayat Presidents shall reconstitute the HDCs in District Hospitals,

(c) Municipal Chairmen / Block Panchayat Presidents shall reconstitute the Hospital Development Committees in respect of Taluk Head Quarters Hospitals, Taluk level Hospitals / Community Health Centres and Block Primary Health Centres as the case may be under their Chairmanship,

(d) Grama Panchayath Presidents shall reconstitute the Hospital Development Committees in respect of the Primary Health Centres / Dispensaries within their jurisdiction under their Chairmanship,

(e) The Mayors of City Corporations shall reconstitute the HDCs of the Hospitals falling under the jurisidiction of the City Corporations under their Chairmanship.

II. (a) HDCs / HDSs shall not incur an expenditure of more than 35% of its revenue on establishment,
(b) They shall deposit their revenue in anyone of the nationalised banks in the joint account of the Chairman and the Secretary.
(c) They can collect contributions from the public in cash and kind for the betterment of the hospitals.
(d) They shall constitute a "Public Relation Committee" which will be a bridge between the staff of the hospital and the public.

III. The term of the Committee shall be for a period of three years from the date of orders of reconstitution of the Committee. The Committee shall meet at least once in three months failing which the Committee shall automatically get dissolved.

The following modifications are also ordered

IV. An Executive Committee shall be constituted which would periodically meet and take decision on day today affairs, The composition of the Executive Committee shall be as follows.

(1) **Medical College Hospitals :-**
In addition to official members of HDC, Non-official members in serial number 1,2,8 and two other members of the HDC to be nominated by the Govt.
(2) **General Hospitals/Ayurvedic/Homoeo hospitals :-**
In addition to official members, non-official members in serial number 1,2,3,9 and two other members of HDC to be nominated by Govt.
(3) **District hospital :-**
In addition to official members, non-official members in serial number 1,2,3,9 & two other members of HDC to be nominated by Govt,
(4) **Speciality hospitals (Mental/TB/Leprosy) :-**
In addition to official members, non-official members in serial number 1,2,3,10 & two other members of HDC to be nominated by Govt.
(5) **Taluk Level hospital/CHCs/PHCs:-**
In addition to official members, Non-official members in serial number 1,2,7 & two other members of HDC to be nominated by District Collector.
(6) **Rural Hospital/PHCs/Dispensaries,(Including Ayurveda &Homoeo):-**
In addition to official members, Non-official members in serial number 1.2.4 and two other members of HDC to be nominated by District Collector.

V. The Chairman of HDC/HDS shall also be the Chairman of the Executive Committee.

VI. All the powers of the HDC/HDS except the following shall be exercised by the Executive Committee subject to the overall guidance and control of HDC.
(a) Approval of budget estimate
(b) Approval of annual audited statement
(c) Any other matters of importance reserved by the Chairman for the consideration of the HDC

VII. Any member who is consecutively absent for three meetings would loose his membership of HDC/Executive Committee and for renomination Govt. permission would be required.

VIII. It would be the personal responsibility of the Superintendent of the hospital who is also the Secretary of the Committee to ensure that establishment expenditure does not exceed 35% of the total revenue. For any appointment exceeding the limit, Secretary and Treasurer should not disburse salary. If any payment is effected contrary to these orders the excess amount paid would be treated as their personal liability, For any relaxation of the rule Government sanction should be obtained.

IX. HDC should forward the quarterly report of their activity to the DMO in the case of Health Services Department and to the DME in the case of Medical College Hospitals.

X. Where ever Lay Secretary is shown as Treasurer of HDC/HDS, Chairman of the HDC/ HDS may nominate an Accountant of the hospital as Treasurer, if necessary, in the place of Lay Secretary.

XI. In the HDS the Executive Committee shall come into existence only after suitable amendment of bye-laws.

A comprehensive list of official and non-official members to be included in the various Hospital Development Committees / Hospital Development Societies is appended to this order.

**By Order of the Governor**

**N. Chandrasekharan Nair**
**Principal Secretary to Government.**

To

All District Collectors,
The Director of Health Services, TVM.
The Director of Medical Education, TVM.
The Director of Indian System of Medicines,TVM.
The Director, Homoeopathy, TVM.
The Principals / Superintendents of all Medical Colleges/Ayurveda and Homoeo Colleges.
All District Medical Officers (Health), Homoeo/Ayurveda
All Mayors / All Municipal Cahirmen
All Jilla / Block / Grama Panchayath Presidents
The Private Secretary to Minister (H)
The PA to Principal Secretary / Secretary (Health)
The Director of Public Relations,

# APPENDIX

## I. Medical College Hospitals :

### Official Members

1. District Collector : Chairman
2. Principal, Medical College or in his absence Vice Principal : Vice Chairman
3. Superintendent of Medical college Hospital : Secretary
4. Lay Secretary : Treasurer
5. Superintendent of other teaching hospitals under the control of the Principal of the concerned Medical College.
6. District Medical officer (H) of the District in which the Medical College is situated.
7. Local Executive Engineer (B & R)
8. Local Executive Engineer, Kerala Water Authority
9. Local Executive Engineer, Kerala State Electricity Board
10. Assistant Executive Engineer (Electrical Wing), PWD
11. Nursing Superintendent of Medical College Hospital,

### Non Official Members

1. Mayor of the Corporation or Chairman of the Municipality / President of Block and Grama Panchayat in which the Medical College Hospital is situated.
2. Local MLA of the area (if the Local MLA is a Minister / Speaker, he will be represented by his nominee)
3. Representatives of major political parties (List attached)
4. One representative each from Rotary Club, Lions Club, Y'S Men International.
5. One accredited journalist from among the three local Malayalam dailies
6. One representative from each of Ex-Service men and Vyapari Vyavasayi Ekopana Samithi of the District.
7. Four eminment representatives among the public-Two nominees of the District Collector and Two nominees of the DMO

Note :- One recognised representative of Tamil Linguistic minority will be included in the Hospital Development Society of TVPM Medical college subject to the condition that none of the non-official member belongs to this category.

8. Local MP of the constituency in which the hospital is situated.
9. One representative each of Nehru Yuva Kendra and National Service Scheme.
10. A member of the TB Association having life membership in the Association and nominated by the local TB association.

## II. General Hospitals / Ayurvedic / Homoeo Hospitals

### Official Members

1. District Collector : Chairman
2. Superintendent of General / Ayurvedic / Homoeo Hospital : Secretary
3. Lay Secretary : Treasurer
4. Local Executive Engineer, (B & R)
5. Local Executive Engineer, Kerala Water Authority
6. Local Executive Engineer, Kerala State Electricity Board,
7. Nursing Superintendent of each of the above hospital, as the case may be.

### Non Official Members

1. Mayor of the Corporation or Chairman of the Municipality/ President of Block and Grama Panchayath in which the Ayurveda Hospital/Homoeo Hospital/General Hospital/W&C Hospital is situated
2. Local MLA of the area
3. Jilla Panchayath President in the case of Women & Children Hospital
4. Representatives of major Political Parties (List attached)
5. One recognised representative each from the Rotary Club, Lions Club, and Y'S Men International.
6. One accredited journalist from among the three local Malayalam dailies.
7. One recognised representative each of Ex-Service men and Vyapari Vyavasayi Ekopana Samithi of the District.
8. Four eminent representatives among the Public (Two nominees of District collector and Two nominees of DMO).

Note:- A recognised representative from the Tamil Lingusistic Minority shall be included in the Hospital Development Committees of General Hospital, TVPM, District Hospital of Palakkad and Idukki. One recognised representative of Kannada speaking people will be included in the District hospital Kasargod if none of the non-official members belongs to this communities and this condition will apply in respect of Tamil Lingustic Minority also in respect of other districts where there population strength is dominent.

9. Local MP of the constituency in which the hospital is situated.
10. One representative from the Nehru Yuva Kendra and from National Service Scheme.
11. A Member of the TB association and nominated by the Local TB association.

## III. District Hospitals

### Official Members

1. District Collector
2. Superintendent of District Hospital : Secretary
3. Lay Secretary : Treasurer
4. District Medical officer (H) of the District in which the Hospital is situated.
5. Local Executive Engineer, (B &R)
6. Local Executive Engineer, Kerala Water Authority
7. Local Executive Engineer, Kerala State Electricity Board
8. Nursing Superintendent of District Hospital.

### Non Official Members

1. Jilla Panchayath President : Chairman.
2. Mayor of the Corporatioon or Chairman of the Municipality/ President of Block and Grama Panchayath in which the District Hospital is situated.
3. Local MLA of the area
4. Representatives of major political parties (List attached)
5. One recognised representative from each of the Rotary Club, Lions Club and Y'S Men International.
6. One accredited journalist from among the rree local Malayalam dailies.
7. One recognised representative each from Ex-Service men and Vyapari Vyavasyaye Ekopana Samithi of the District.
8. Four eminent representatives among the public (Two nominees of Chairman and Two nominees of DMO).

Note:- A recognised representative from the Tamil Lingusistic Minority shall be included in the Hospital Development Committees of General Hospital, TVPM, District hospital of Palakkad and Idukki. One recognised representative of Kannada speaking people will be included in the District hospital Kasargod if none of the non-official members belongs to this communities and this condition will apply in respect of Tamil Lingustic Minority also in respect of other distrcts where there population strength is dominent.

9. Local MP of the constituency in which the Hospital is situated.

10. A Member of TB Association having life membership in the Association and nominated by the Local TB Association.

11. One representative each of Nehru Yuva Kendra and the National Service Scheme.

## IV. Speciality Hospitals (Mental / TB / Leprosy)

### Official Members

1. District Collector : Chairman
2. Superintendent of the Hospital : Secretary
3. Lay Secretary : Treasurer
4. Dy Director of Health Service / Asst. Director of the concerned speciality.
5. District Medical Officer (H) concerned
6. Local Executive Engineer, (B&R) or in his absence Asst. Executive Engineer
7. Local Executiv e Engineer, Kerala Water Authority or in his absence Asst. Engineer, KWA.
8. Local Executive Engineer, Kerala State Electricity Board or in his absence Asst.Engineer, KSEB.
9. Nursing Superintendent of Hospital

### Non Official Members:-

1. Mayor of the Corporation or Chairman of the Municipality / President of Block and Grama Panchayath in which the Hospital is situated.
2. Local MLA of the area
3. Jilla Panchayath President
4. Representatives of major Political Parties (List attached)
5. One recognised representative each from Rotary Club, Lions Club and Y'S Men International.
6. One journalist from among the three local Malayalam dailies.
7. One representative from leading known social organization.
8. One recognised representative each of Ex-Service men and Vyapari Vyavasayi Ekopana Samithi.
9. Four eminent representatives from among the Public (Two to be nominated by the Chairman and two by the DMO)
10. Local MP of the constituency in which the hospital is located.
8. One representative from the Nehru Yuva Kendra and One representative from National Service Scheme.
10. A member of the TB association having life membership in the Association and nominated by the local TB Association.

V. Taluk / Taluk Levle Hospitals / CHCs / Block PHCs

Official Members

1. Superintendent/Senior Medical Officer of the Hospital - Secretary & Treasurer.
2. Local Tahasildar
3. Local Assistant Executive Engineer, B&R
4. Local Assistant Executive Engineer, Kerala Water Authority
5. Local Assistant Executive Engineer, Kerala State Electricity Board,
6. Nursing Superintendent or Senior most Head Nurse of the Hospital.

Non Official Members

1. Chairman of the Municipality / President of Block and Grama Panchayath in which the hospital is situated.
2. Local MLA
3. Representatives of major Political Parties (List attached)
4. One representative each from the NYK,NSS,Rotary Club, Lions Club and Y'S Men's International
5. One accredited journalist from among the three local Malayalam dailies.
6. One recognised representative of a known social service organisation.
7. Local MP of the constituency in which the hospital is located.
8. Four eminent representatives among the Public (two nominated by the Chairman and the two by the DMO).

Note:- In respect of Taluk Hospitals at Peerumedu, Udumbanchola, Devikulam, Chitoor, & Palakkad one recognised representative of Tamil Speaking minority shall be included. If none of the Non-official already selected belong to this minority category. In respect of Kannada speaking minority language people one recognised representative shall be included in the Kasargode Taluk Hospital Development Committee if none of the non-official members belongs to this category.

## VI. Rural Hospitals / Primary Health Centres / Dispensaries (Including Ayurveda and Homoeo)

### Official Members

1. Medical Officeer In charge - Secretary & Treasurer.
2. Block Development Officer.
3. Local Assistant Executive Engineer, B & R.
4. Local Assistant Executive Engineer, Kerala Water Authority.
5. Local Assistant Executive Engineer, Kerala State Electricity Board.
6. Senior most Nurse or ANM of the Institution.

### Non Offical Members

1. Chairman of the Municipality /President of the Grama Panchayath in which the institution is situated.
2. Local MLA
3. Representatives of major political parties (List attached)
4. Local MP of the Constituency in which the hospital is located.
5. One representative each from Nehru Yuva Kendra, National Service Scheme, Rotary Club, Lions Club and Y'S Men International, if available.
6. One recognised representative of known local social organization wherever it exists.
7. One local accredited Journalist of a Malayalam News Paper
8. A Member of the TB Association having life membership in the Association and nominated by the Local TB Associates.

**List of Major Political Parties :-**

Indian National Congress - I
Indian Union Muslim Leugue
Kerala Congress (M)
Janathipathya Samrakshana Samaithy
Kerala Congress (Jacob)
Kerala Congress (B)
Revolutionary Socialist Party (B)
Communist Marxist Party
Communist Party of India (Marxist)
Communist Party of India
Janatha Dal (S)
Nationalist Congress Party
Kerala Congress (Joseph)
Revolutionary Socilaist Party
Barathiya Janatha Party.

Hari
ലെയ്സൺ ഓഫീസർ

അനുബന്ധം 3.

## HOSPITAL MANANGEMENT COMMITTEE – RULES

# *2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ

എസ്. ആർ. ഒ. നമ്പർ 598/2010 - 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 173 എ വകുപ്പിനോട് 254-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2003 ആഗസ്റ്റ്, 27-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 259/2003/തസ്വഭവ എന്ന വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2003 ആഗസ്റ്റ് 29-ാം തീയതിയിലെ 1655-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 837/2003 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(1) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.- (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(i) "ആക്റ്റ്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) എന്നർത്ഥമാകുന്നു;

(ii) "മാനേജിംഗ് കമ്മിറ്റി" എന്നാൽ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിനു വേണ്ടി 3-ാം ചട്ടപ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി എന്നർത്ഥമാകുന്നു;

(iii) "പഞ്ചായത്ത്" എന്നാൽ ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(iv) "പൊതുജനാരോഗ്യ സ്ഥാപനം" എന്നാൽ ആക്റ്റിലെ മൂന്നും നാലും അഞ്ചും പട്ടികകൾ പ്രകാരം, യഥാക്രമം ഗ്രാമപഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, ജില്ലാ പഞ്ചായത്തിനും നൽകപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനായി 166-ാം വകുപ്പ് (6)-ഉം (7)-ഉം ഉപവകുപ്പുകൾ പ്രകാരമോ 172-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകൾ പ്രകാരമോ 173-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകൾ പ്രകാരമോ സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയതായ അതത് പഞ്ചായത്തിന് ഭരണ ചുമതലയുള്ളതുമായ, ഏതെങ്കിലും അംഗീകൃത ചികിത്സാസമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് ചികിത്സ നൽകുന്ന ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി അഥവാ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ഒരു ആശുപത്രി എന്നർത്ഥമാകുന്നു;

(v) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

---

* Published as K.G. Ex. No. 1412 G.O.(M.S) 125/2010/LSGD dt. 15-6-2010, SRO No. 598/2010. The relevant English translation is not yet received.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

**3. മാനേജിംഗ് കമ്മിറ്റിയുടെ രൂപീകരണം.-** (1) ഓരോ പഞ്ചായത്തും, പ്രസ്തുത പഞ്ചായത്തിന് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിതവികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം രൂപീകരിക്കുന്ന മാനേജിംഗ് കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കേണ്ടതാണ്, അതായത്:-

(i) പഞ്ചായത്ത് പ്രസിഡന്റ്;

(ii) പഞ്ചായത്തിലെ പൊതുജനാരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(iii) പഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(iv) പഞ്ചായത്തിലെ പൊതുമരാമത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(v) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്നത് ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ പഞ്ചായത്തിൽ ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന അംഗം, (പ്രസ്തുത അംഗം (i)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന ഒരു പഞ്ചായത്ത് പ്രസിഡന്റോ (ii)-ഉം (iii)-ഉം (iv)-ഉം ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അല്ലാത്തപക്ഷം);

(vi) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ മരാമത്ത് പണികളുടെ ചുമതലയുള്ള, തദ്ദേശ സ്വയംഭരണ വകുപ്പ് നിയോഗിച്ച എഞ്ചിനീയർ;

(vii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വൈദ്യുതി വിതരണത്തിന്റെ ചുമതലയുള്ള, സംസ്ഥാന വൈദ്യുതി ബോർഡിലെ എഞ്ചിനീയർ;

(viii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ശുദ്ധജല വിതരണത്തിന്റെ ചുമതലയുള്ള, കേരള ജല അതോറിറ്റിയിലെ എഞ്ചിനീയർ;

കുറിപ്പ്.-(vi), (vii), (viii) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന എഞ്ചിനീയർ, ഒരു ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും ഒരു ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും ആയിരിക്കേണ്ടതാണ്.

കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം 173എ വകുപ്പിൽ പറഞ്ഞിട്ടുള്ള 15-ൽ കവിയാൻ പാടില്ല.

(ix) ഒരു പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങളിലും, പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും പരിചയവും താൽപ്പര്യവും, സാമൂഹ്യ പ്രതിബദ്ധതയും സേവസന്നദ്ധതയും ഉള്ള, അതത് പഞ്ചായത്ത് പ്രദേശത്ത്, അല്ലെങ്കിൽ സമീപ പ്രദേശത്ത്, അല്ലെങ്കിൽ പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പഞ്ചായത്ത് ഏകകണ്ഠമായി തീരുമാനിച്ച് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കവിയാത്ത വ്യക്തികൾ;

(x) പൊതുജനാരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ;

(xi) പൊതുജനാരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് തൊട്ട് താഴെ തലത്തിൽ മെഡിക്കൽ ആഫീസർ ഉണ്ടെങ്കിൽ പ്രസ്തുത മെഡിക്കൽ ആഫീസർ;

(xii) ഒരു ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ, ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ;

(xiii) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും പ്രസ്തുത പ്രദേശത്തെ, ജില്ലാ പഞ്ചായത്തിലും, ഗ്രാമപഞ്ചായത്തിലും പ്രതിനിധീകരിക്കുന്ന അംഗങ്ങളും;

(xiv) ഒരു ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ, പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും പ്രസ്തുത പ്രദേശത്തെ, ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും പ്രതിനിധീകരിക്കുന്ന അംഗങ്ങളും.

(3) പഞ്ചായത്ത് പ്രസിഡന്റ് മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണും, പൊതുജനാരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അതിന്റെ വൈസ് ചെയർപേഴ്സണും, പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ അതിന്റെ മെമ്പർ-സെക്രട്ടറിയും ആയിരിക്കുന്നതാണ്.

(4) പഞ്ചായത്ത് തീരുമാനപ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി കൂടിയായ പ്രധാന മെഡിക്കൽ ആഫീസർ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിന്റെ പകർപ്പ് എല്ലാ അംഗങ്ങൾക്കും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും നൽകേണ്ടതും പകർപ്പ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും, പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. മാനേജിംഗ് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഒഴിവുകൾ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ, മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനോ തടസ്സമായിരിക്കുന്നതല്ല.

(5) ഒരിക്കൽ രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്.

(6) മാനേജിംഗ് കമ്മിറ്റിയിൽ അംഗമായ ഒരു പഞ്ചായത്തംഗം പഞ്ചായത്ത് കമ്മിറ്റിയിൽ തന്റെ സ്ഥാനം ഒഴിയുന്ന മുറയ്ക്ക് മാനേജിംഗ് കമ്മിറ്റിയിൽ അംഗമല്ലാതായിത്തീരുന്നതും അയാൾക്ക് പകരം പഞ്ചായത്തിൽ പ്രസ്തുത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ മാനേജിംഗ് കമ്മിറ്റിയിൽ അംഗമായി തീരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്.

(7) മാനേജിംഗ് കമ്മിറ്റിയിലെ ഒരു അംഗം, ചെയർപേഴ്സന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ അതിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന പക്ഷം, മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം ഒഴിഞ്ഞതായി കരുതപ്പെടുന്നതാണ്.

(8) മാനേജിംഗ് കമ്മിറ്റിയിലെ ഒരു അംഗം, സ്വയം രാജിവയ്ക്കുകയോ, പാപ്പരായി പ്രഖ്യാപിക്കപ്പെടുകയോ, സാൻമാർഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ, ചെയ്താൽ മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(9) (7)-ഉം (8)-ഉം ഉപചട്ടങ്ങൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിലെ ഒരാളുടെ അംഗത്വം ഇല്ലാതാകുന്ന സംഗതിയിൽ, ആ വിവരം മെമ്പർ സെക്രട്ടറി പ്രസ്തുത വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(10) മാനേജിംഗ് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഒഴിവുകൾ, യഥാസമയം പുതിയ അംഗങ്ങളെ പഞ്ചായത്ത് തീരുമാനപ്രകാരം നാമനിർദ്ദേശം ചെയ്ത് നികത്തേണ്ടതാണ്.

(11) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ,-

(i) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗം;

(ii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം;

(iii) ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം;

(iv) ദേശീയ രാഷ്ട്രീയ കക്ഷികളിൽ ഉൾപ്പെടാത്തതും, എന്നാൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ളതുമായ മറ്റ് രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം;

(v) സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തപ്പെടുന്നവർ എന്നിവർക്ക് പുറമേ

(എ) ഒരു ഗ്രാമപഞ്ചായത്തിന്റെ സംഗതിയിൽ.-

(i) കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ;

(ii) സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ;

(iii) ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരും;

(ബി) ഒരു ബ്ലോക്ക്പഞ്ചായത്തിന്റെ സംഗതിയിൽ.-

(i) സംയോജിത ശിശുവികസന പദ്ധതി പ്രോജക്ട് ആഫീസർ;

(ii) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരും;

(സി) ഒരു ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ.-

(i) ജില്ലാ മെഡിക്കൽ ആഫീസർ;

(ii) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ;

(iii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരും; സ്ഥിരം ക്ഷണിതാക്കളായിരിക്കുന്നതാണ്.

(12) (11)-ാം ഉപചട്ടത്തിൽ (iii)-ഉം (iv)-ഉം ഖണ്ഡങ്ങളനുസരിച്ച് രാഷ്ട്രീയ കക്ഷികൾക്ക് പ്രാതിനിധ്യം നൽകുവാനായി, സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ളയാളും ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ അതത് ജില്ലയിലെ താമസക്കാരനും ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംഗതിയിൽ അതത് പഞ്ചായത്ത് പ്രദേശത്ത് താമസക്കാരനുമായ ഒരു വ്യക്തിയെ ശുപാർശ ചെയ്യുവാൻ അതത് രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റിനോട് അഥവാ ജില്ലാ സെക്രട്ടറിയോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടേണ്ടതും, അപ്രകാരം രാഷ്ട്രീയ കക്ഷികൾ ശുപാർശ ചെയ്യുന്ന ഓരോ വ്യക്തിയെ വീതം മാനേജിംഗ് കമ്മിറ്റി യോഗങ്ങളിലേക്ക് സ്ഥിരം ക്ഷണിതാക്കളായി പഞ്ചായത്ത് നിശ്ചയിക്കേണ്ടതുമാണ്.

(13) മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ സ്ഥിരം ക്ഷണിതാക്കൾക്ക്, വോട്ടവകാശം ഒഴികെ കമ്മിറ്റിയിലെ ഏതൊരു അംഗത്തിനും ഉള്ള അവകാശങ്ങളുണ്ടായിരിക്കുന്നതാണ്.

(14) മാനേജിംഗ് കമ്മിറ്റിക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

**4. മാനേജിംഗ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.-** (1) മാനേജിംഗ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്:-

(i) അതത് സംഗതി പോലെ ഒരു ഡിസ്പെൻസറിക്കോ, പ്രാഥമികാരോഗ്യ കേന്ദ്രത്തിനോ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോ താലൂക്ക് ആശുപത്രിക്കോ, ജില്ലാ ആശുപത്രിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരത്തിൽ കുറയാതെയുള്ള ഭൗതിക സൗകര്യങ്ങളും സേവനങ്ങളും പഞ്ചായത്തിന് ഭരണ ചുമതലയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശുപാർശകൾ പഞ്ചായത്തിന് നൽകുക;

(ii) പൊതുജനാരോഗ്യസ്ഥാപനത്തിലെ മരാമത്ത് പണികൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളും സാമഗ്രികളും ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുദ്ധജല വിതരണം, വൈദ്യുതോപകരണങ്ങൾ ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുചീകരണ പ്രവർത്തനങ്ങൾ, രോഗികൾക്കും അവരുടെ സഹായികൾക്കും അവരെ സന്ദർശിക്കുന്നവർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക;

(iii) പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവത്സര-വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തിന് സമർപ്പിക്കുക;

(iv) മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുകയും ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അതിൽ നിന്ന് തുക ചെലവിടുകയും ചെയ്യുക;

(v) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി പഞ്ചായത്തിനും ജില്ലാ മെഡിക്കൽ ആഫീസർക്കും റിപ്പോർട്ട് നൽകുക;

(vi) പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച പൗരാവകാശ രേഖ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ പഞ്ചായത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആവശ്യമെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരമുള്ള പൗരാവകാശ രേഖ പുതുക്കി തയ്യാറാക്കുന്നതിന് പഞ്ചായത്തിന് ശുപാർശ നൽകുകയും ചെയ്യുക.

(2) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:-

(i) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക;

(ii) അതത് തലത്തിലുള്ള പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന ഉപകരണങ്ങൾ, സാധന സാമഗ്രികൾ, ഫർണിച്ചർ, മരുന്നുകൾ, ചികിത്സാ സംബന്ധമായി ആവശ്യമുള്ള മറ്റ് വസ്തുക്കൾ എന്നിവ വിലയ്ക്ക് വാങ്ങിയോ, സംഭാവനയായി സ്വീകരിച്ചോ, മറ്റ് വിധത്തിലോ ലഭ്യമാക്കുക;

(iii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഉന്നയിക്കപ്പെടുന്ന ആവലാതികൾ പരിശോധിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(iv) പൊതുജനാരോഗ്യസ്ഥാപനവുമായി ബന്ധപ്പെട്ട ഫീൽഡ് തല ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(v) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും തടയാൻ ജാഗ്രത പാലിക്കുക;

(vi) സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുക;

(vii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജന സഹകരണം പ്രോത്സാഹിപ്പിക്കുക;

(viii) മാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, രോഗനിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക;

(ix) ആശുപത്രി മാലിന്യങ്ങളും മറ്റ് ബയോ-മെഡിക്കൽ മാലിന്യങ്ങളും ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുക;

(x) ആവശ്യമെങ്കിൽ, പൊതുജനാരോഗ്യസ്ഥാപനത്തോടനുബന്ധിച്ച് ക്യാന്റീൻ, ന്യായവില മെഡിക്കൽസ്റ്റോർ, ലബോറട്ടറി, പാൽബൂത്ത്, ടെലിഫോൺ ബൂത്ത് തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ സൗകര്യമൊരുക്കുകയോ നേരിട്ട് നടത്തുകയോ ചെയ്യുക;

(xi) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി അധിക സൗകര്യങ്ങൾ ലഭ്യമാക്കുക;

(xii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സാമൂഹ്യ ആഡിറ്റ് നടത്തുന്നതിന് ഏർപ്പാടാക്കുക.

**5. മാനേജിംഗ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമം.-** (1) മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നു കഴിഞ്ഞാൽ അതിന്റെ ആദ്യയോഗം ഒരു മാസത്തിനകവും, തുടർന്നുള്ള യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കലും (കഴിയുന്നതും ഒരു നിശ്ചിത ദിവസം), ഇടയ്ക്കുള്ള കാലയളവിലെ യോഗങ്ങൾ ആവശ്യാനുസരണവും, ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

(2) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ തീയതിയും, സമയവും അജണ്ടയും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗ തീയതിക്ക് ഏഴ് ദിവസമെങ്കിലും മുമ്പ് മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്കും സ്ഥിരം ക്ഷണിതാക്കൾക്കും മെമ്പർ-സെക്രട്ടറി നൽകേണ്ടതും അതിന്റെ പകർപ്പ് പഞ്ചായത്തിന്റെയും, പൊതുജനാരോഗ്യസ്ഥാപനത്തിന്റെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്:

എന്നാൽ ഏതെങ്കിലും കാര്യത്തിൽ മാനേജിംഗ് കമ്മിറ്റിയുടെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ ഇരുപത്തിനാല് മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(3) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ അജണ്ട ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി തയ്യാറാക്കേണ്ടതാണ്.

(4) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ കോറം ആകെ അംഗസംഖ്യയുടെ പകുതി (ഭിന്നസംഖ്യയെങ്കിൽ തൊട്ടടുത്ത പൂർണ്ണ സംഖ്യ) ആയിരിക്കുന്നതാണ്.

(5) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് ചെയർപേഴ്സണോ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങൾ തദവസരത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി ഭൂരിപക്ഷാഭിപ്രായ പ്രകാരം തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(6) യോഗത്തിന്റെ അജണ്ടയും യോഗനടപടി കുറിപ്പുകളും തീരുമാനങ്ങളും യോഗത്തിൽ സന്നിഹിതരായ അംഗങ്ങളുടെയും സ്ഥിരം ക്ഷണിതാക്കളുടെയും ഹാജരും രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ മെമ്പർ സെക്രട്ടറി സൂക്ഷിച്ചു പോരേണ്ടതുമാണ്.

(7) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും മെമ്പർ-സെക്രട്ടറി രേഖാമൂലം അഭിപ്രായം നൽകേണ്ടതും, യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനമെടുക്കേണ്ടതും വോട്ട് തുല്യമാകുന്ന എല്ലാ സംഗതികളിലും അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ടുകൂടി വിനിയോഗിക്കാവുന്നതും തീരുമാനങ്ങളുടെ പകർപ്പ് മെമ്പർ-സെക്രട്ടറി പഞ്ചായത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്. ആവശ്യമായ സന്ദർഭങ്ങളിൽ യോഗതീരുമാനങ്ങളുടെ പകർപ്പുകൾ സർക്കാരിനും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാനങ്ങൾക്കും കൂടി മെമ്പർ-സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്.

(8) മാനേജിംഗ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ അതിന്റെ അധികാരപരിധിക്കും ചുമതലകൾക്കും വിധേയമായി മെമ്പർ-സെക്രട്ടറി നടപ്പാക്കേണ്ടതും അതിലേക്കായി സ്വീകരിച്ച നടപടികൾ മാനേജിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്:

എന്നാൽ പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്ന് മെമ്പർ-സെക്രട്ടറി കരുതുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് മുമ്പ് പഞ്ചായത്തിന്റെയും, ജില്ലാ മെഡിക്കൽ ആഫീസറുടെയും ആവശ്യമെങ്കിൽ സർക്കാരിന്റെയും അനുമതി വാങ്ങേണ്ടതാണ്.

(9) ഒരു ഗ്രാമപഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു പൊതു ജനാരോഗ്യസ്ഥാപനത്തിന് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിലെടുത്ത ഏതൊരു തീരുമാനവും പ്രസ്തുത യോഗത്തിനുശേഷം ആദ്യമായി ചേരുന്ന ഗ്രാമസഭാ യോഗത്തിൽ വായിക്കേണ്ടതും അതിനായി യോഗതീരുമാനത്തിന്റെ പകർപ്പുകൾ പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർമാർക്ക് നൽകേണ്ടതുമാണ്.

**6. ആശുപത്രി വികസനഫണ്ട് രൂപീകരിക്കൽ.-** (1) പൊതുജനാരോഗ്യസ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും,

നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപണികളും നടത്തുന്നതിനും, യന്ത്രസാമഗ്രികൾ, ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, രോഗ നിർണ്ണയ-ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, സർവ്വോപരി പൊതുജനാരോഗ്യസ്ഥാപനത്തിന്റെ വികസനത്തിനും വേണ്ടി മാനേജിംഗ് കമ്മിറ്റി "ആശുപത്രി വികസനഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) ആശുപത്രി വികസനഫണ്ടിൽ താഴെപ്പറയുന്ന വരവിനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്, അതായത്:-

(i) പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ;

(ii) കേന്ദ്ര- സംസ്ഥാന സർക്കാരുകളും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ടുകൾ;

(iii) പൊതുജനാരോഗ്യസ്ഥാപനം നൽകുന്ന സേവനങ്ങൾക്കും, ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കും, സർക്കാർ അനുവദിക്കുന്ന നിരക്കിൽ ഈടാക്കാവുന്ന ഫീസുകളും ചാർജ്ജുകളും;

(iv)പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ;

(v) 4-ാം (2)-ാം ഉപചട്ടം (x)-ാം ഖണ്ഡപ്രകാരം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫീസുകളും മറ്റ് വരുമാനവും;

(vi) മറ്റ് പലവക വരുമാനങ്ങൾ

(3) മാനേജിംഗ് കമ്മിറ്റിയുടെ മെമ്പർ-സെക്രട്ടറി ആശുപത്രി വികസനഫണ്ടിന്റെ സൂക്ഷിപ്പുകാരൻ ആയിരിക്കുന്നതും അദ്ദേഹം ഫണ്ടിന്റെ വരവ് ചെലവ് കണക്കുകളും അതു സംബന്ധിച്ച രജിസ്റ്ററുകളും, രസീതുകളും, ബില്ലുകളും, വൗച്ചറുകളും സൂക്ഷിച്ചുപോരേണ്ടതുമാണ്.

(4) ആശുപത്രി വികസനഫണ്ടിലേക്ക് ലഭിക്കുന്ന ഏതൊരു സംഭാവനയ്ക്കും മെമ്പർ-സെക്രട്ടറി രസീത് നൽകേണ്ടതും അതു അച്ചടിച്ച നമ്പരിട്ട ഫാറത്തിലും കാർബൺ പകർപ്പോട് കൂടിയതുമായിരിക്കേണ്ടതുമാണ്.

(5) ആശുപത്രി വികസനഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തോ, അതിനടുത്തോ ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സന്റെയും മെമ്പർ-സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും പ്രസ്തുത അക്കൗണ്ടിൽ തുക നിക്ഷേപിക്കേണ്ടതും തുക പിൻവലിക്കുന്നത് ചെയർപേഴ്സണും മെമ്പർ-സെക്രട്ടറിയും ഒപ്പിട്ട ചെക്ക് മുഖേനയായിരിക്കേണ്ടതുമാണ്.

7. **ആശുപത്രി വികസനഫണ്ടിന്റെ വിനിയോഗം.-** (1) 6-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പറയുന്ന ആവശ്യങ്ങൾക്ക്, മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ആശുപത്രി വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്:

എന്നാൽ ഓരോ തലത്തിലുമുള്ള പൊതുജനാരോഗ്യസ്ഥാപനത്തിന് അനുവദനീയമല്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനോ ചെലവുകൾ ചെയ്യുന്നതിനോ ആശുപത്രി വികസനഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ല.

(2) അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങളുടെ സംഗതിയിൽ മാനേജിംഗ് കമ്മിറ്റിയുടെ അനുവാദം മുൻകൂറായി വാങ്ങാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ചെയർപേഴ്സന്റെ അനുവാദത്തോടെ മെമ്പർ-സെക്രട്ടറിക്ക് ചെലവ് ചെയ്യാവുന്നതും അതിന് തൊട്ടടുത്ത് ചേരുന്ന മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ കണക്ക് സമർപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്.

8. **ജീവനക്കാരെ നിയോഗിക്കൽ.-** (1) മാനേജിംഗ് കമ്മിറ്റിക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുവാനും രോഗികൾക്കും, പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും, 6-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന (i)-ഉം (ii)-ഉം ഒഴിച്ചുള്ള

ഇനങ്ങളിലെ വരുമാനത്തിന്റെ ലഭ്യതയ്ക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും പഞ്ചായ
ത്തിന്റെ മുൻകൂർ അനുമതിക്കും വിധേയമായി, പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടി
സ്ഥാനത്തിൽ, ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കാവുന്നതാണ്:

എന്നാൽ, ഈ ഇനത്തിലുള്ള വാർഷികച്ചെലവ്, ഇതിനായി 6-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ
പരാമർശിക്കുന്ന (i)-ഉം (ii)-ഉം ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷിക വരുമാനത്തിന്റെ അമ്പത് ശതമാ
നത്തിൽ കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, മാനേജിംഗ് കമ്മിറ്റിയിലെയോ പഞ്ചായത്തിലെയോ ഒരംഗത്തെയോ അംഗ
ത്തിന്റെ കുടുംബത്തിലെ ഏതെങ്കിലും വ്യക്തിയെയോ ഈ ചട്ടത്തിൻ കീഴിൽ പൊതുജനാരോഗ്യ
സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കുവാൻ പാടുള്ളതല്ല.

കുറിപ്പ്:- ഈ ചട്ടത്തിന്റെ ആവശ്യത്തിന്, കുടുംബം എന്നതിൽ ഒരാളുടെ ഭാര്യ അല്ലെങ്കിൽ
ഭർത്താവ്, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നിവരും അവരുടെ മക്കളും, പിതാവ്, മാതാവ്
എന്നിവരും ഉൾപ്പെടുന്നതാണ്.

(2) കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും
ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ടും മാനേജിംഗ് കമ്മിററി ഏർപ്പെടുത്തുന്ന
ഒരു സെലക്ഷൻ കമ്മിറ്റി അപേക്ഷകരുടെ യോഗ്യതാനിർണ്ണയം നടത്തിയതിനുശേഷവും തെര
ഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിനുശേഷ
വുമായിരിക്കേണ്ടതാണ്.

(3) താൽക്കാലികമായി ജോലിക്ക് നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സർവ്വീ
സിൽ സ്ഥിരനിയമനത്തിന് യാതൊരു അർഹതയുമുണ്ടായിരിക്കുന്നതല്ല. ഇക്കാര്യം അവരെ നിയോ
ഗിച്ചുകൊണ്ടുള്ള ഉത്തരവിലും, കരാറിലും വ്യക്തമാക്കിയിരിക്കേണ്ടതുമാണ്.

**9. ആശുപത്രി വികസനഫണ്ടിന്റെ ആഡിറ്റ്.-** (1) ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ
എക്സാമിനറോ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ പഞ്ചായത്ത്
ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശു
പത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ആഡിറ്റ്
ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്തിനും നൽകേണ്ടതുമാണ്.

(2) മെമ്പർ-സെക്രട്ടറിക്ക് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് മാനേജിംഗ് കമ്മിറ്റിയുടെ
അടുത്ത യോഗത്തിൽ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി വയ്ക്കേണ്ടതാണ്. കൂടാതെ അതിൽ ക്രമ
ക്കേടുകളോ പോരായ്മകളോ പരാമർശിച്ചിട്ടുണ്ടെങ്കിൽ അവ മെമ്പർ-സെക്രട്ടറി പരിഹരിക്കേണ്ടതും
അത് സംബന്ധിച്ച് ഒരു റക്ടിഫിക്കേഷൻ റിപ്പോർട്ട് എത്രയും വേഗം മാനേജിംഗ് കമ്മിറ്റിക്കും,
പഞ്ചായത്തിനും, ആഡിറ്റർക്കും നൽകേണ്ടതുമാണ്.

(3) ആശുപത്രി വികസനഫണ്ട് സംബന്ധിച്ച പഞ്ചായത്തിന് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ട്
പഞ്ചായത്ത് പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ-
സെക്രട്ടറിക്കും നൽകേണ്ടതാണ്.

(4) 1-ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പഞ്ചായത്ത്, ആശുപത്രി വികസ
നഫണ്ട് വർഷത്തിലൊരിക്കൽ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ട
താണ്.

**10. പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിനുള്ള നിയ
ന്ത്രണാധികാരം.-** പൊതുജനാരോഗ്യ സ്ഥാപനത്തിന്റ ഭരണനിർവ്വഹണത്തെ സംബന്ധിച്ചും ആശു
പത്രി വികസനഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ചും സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം, പഞ്ചാ
യത്ത് അധികാരപ്പെടുത്തുന്ന ഒരു സബ്-കമ്മിറ്റിക്ക് ആവശ്യമായ അന്വേഷണവും പരിശോധനയും
നടത്താവുന്നതും സബ്-കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് മാനേജിംഗ്
കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) പഞ്ചായത്ത് അധികാരപ്പെടുത്തുന്ന സബ്-കമ്മിറ്റി നടത്തുന്ന അന്വേഷണവും പരിശോധനയുമായി മാനേജിംഗ് കമ്മിറ്റിയും മെമ്പർ-സെക്രട്ടറിയും സഹകരിക്കേണ്ടതും അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

3. പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കും മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്ത് നൽകുന്ന യുക്തിസഹമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിയും മെമ്പർ സെക്രട്ടറി പാലിക്കേണ്ടതാണ്.

**11. സാങ്കേതികവും ചികിത്സാപരവുമായ കാര്യങ്ങളിൽ ഇടപെടാതിരിക്കൽ.-** (1) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കോ മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്കോ, തികച്ചും സാങ്കേതികമോ, രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ടതോ ആയ കാര്യങ്ങളിൽ ഇടപെടുവാനോ, രേഖകൾ പരിശോധിക്കുവാനോ ആർക്കെങ്കിലും നിർദ്ദേശങ്ങൾ നൽകുവാനോ അധികാരമുണ്ടായിരിക്കുന്നതല്ല.

(2) പൊതുജനാരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ജോലി സംബന്ധമായി അനുവദിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളിലും സ്വാതന്ത്ര്യത്തിലും മാനേജിംഗ് കമ്മിറ്റിയോ, മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളോ ഇടപെടാൻ പാടില്ലാത്തതും, തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥരും ജീവനക്കാരും നടപടിക്രമങ്ങളും സാങ്കേതിക മാനദണ്ഡങ്ങളും, പാലിക്കേണ്ടതും അവരുടെ അറിവും അനുഭവസമ്പത്തും സേവന കാര്യത്തിൽ പൂർണ്ണമായി പ്രയോഗിക്കേണ്ടതുമാണ്.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 173-എ വകുപ്പ് പ്രകാരം, പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാനുൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 2003 ആഗസ്റ്റ് 27-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 259/2003/തസ്വഭവ (എസ്.ആർ.ഒ. നമ്പർ 837/2003) എന്ന വിജ്ഞാപന പ്രകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ ഘടനയിൽ കാര്യമായ മാറ്റം വരുത്തുന്നതിനും കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വിപുലീകരിക്കുന്നതിനും, കമ്മിറ്റി രൂപീകരിക്കുന്ന ഫണ്ടിന്റെ സ്രോതസ്സുകളും അതിന്റെ വിനിയോഗവും പുനർ നിർണ്ണയിക്കുന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടിക്രമങ്ങൾക്ക് കൂടുതൽ വ്യക്തത നൽകുന്നതിനുമായി, 2003-ലെ ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് പുതിയ ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

Hari

സെക്ഷൻ ഓഫീസർ

അനുബന്ധം 4



©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 20th March 2013<br>2013 മാർച്ച് 20<br>29th Phalguna 1934<br>1934 ഫാൽഗുനം 29 | No. 818<br>നമ്പർ |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എംഎസ്.) നമ്പർ 91/2013/തസ്വഭവ. തിരുവനന്തപുരം, 2013 മാർച്ച് 14.

എസ്. ആർ. ഒ. നമ്പർ 199/2013.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 30-ാം വകുപ്പ് (9)-ാം ഉപവകുപ്പിനോട് 565-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1374/2013/DTP.

2. നിർവചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) എന്നർത്ഥമാകുന്നു ;

(ബി) 'കൗൺസിൽ' എന്നാൽ മുനിസിപ്പാലിറ്റിയുടെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ എന്നർത്ഥമാകുന്നു ;

(സി) 'മാനേജിംഗ് കമ്മിറ്റി' എന്നാൽ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിനുവേണ്ടി 3-ാം ചട്ടപ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി എന്നർത്ഥമാകുന്നു ;

(ഡി) 'മുനിസിപ്പാലിറ്റി' എന്നാൽ ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു ;

(ഇ) 'പൊതുജനാരോഗ്യ സ്ഥാപനം' എന്നാൽ ആക്റ്റിലെ ഒന്നാം പട്ടിക പ്രകാരം, ഒരു മുനിസിപ്പാലിറ്റിക്ക് നൽകപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനായി 30-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയതും അതത് മുനിസിപ്പാലിറ്റിക്ക് ഭരണ ചുമതലയുള്ളതുമായ, ഏതെങ്കിലും അംഗീകൃത ചികിത്സാ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് ചികിത്സ നൽകുന്ന ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി അഥവാ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ആശുപത്രി എന്നർത്ഥമാകുന്നു ;

(എഫ്) 'വകുപ്പ് ' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. മാനേജിംഗ് കമ്മിറ്റിയുടെ രൂപീകരണം.—(1) ഓരോ മുനിസിപ്പാലിറ്റിയും പ്രസ്തുത മുനിസിപ്പാലിറ്റിക്ക് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം രൂപീകരിക്കുന്ന മാനേജിംഗ് കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കേണ്ടതാണ്, അതായത്:—

(i) മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ ;

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ;

(iii) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ;

(iv) മരാമത്തുകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ;

(v) പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന കൗൺസിലർ, [പ്രസ്തുത കൗൺസിലർ (i)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ (ii)-ഉം (iii)-ഉം (iv)-ഉം ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അല്ലാത്തപക്ഷം] ;

(vi) മുനിസിപ്പൽ/കോർപ്പറേഷൻ എഞ്ചിനീയർ ;

(vii) പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ വൈദ്യുതി വിതരണത്തിന്റെ ചുമതലയുള്ള സംസ്ഥാന വൈദ്യുതി ബോർഡിലെ എഞ്ചിനീയർ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയർ (വൈദ്യുതി വിതരണം മുനിസിപ്പാലിറ്റിയുടെ ചുമതലയിലാണെങ്കിൽ) ;

(viii) പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ശുദ്ധജല വിതരണത്തിന്റെ ചുമതലയുള്ള, കേരള ജല അതോറിറ്റിയിലെ എഞ്ചിനീയർ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയർ (ശുദ്ധജല വിതരണം മുനിസിപ്പാലിറ്റിയുടെ ചുമതലയിലാണെങ്കിൽ) ;

(ix) ഒരു പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങളിലും, പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും പരിചയവും താൽപര്യവും, സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ള, അതത് മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് അല്ലെങ്കിൽ സമീപ പ്രദേശത്ത്, അല്ലെങ്കിൽ പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും കൗൺസിൽ ഏകകണ്ഠമായി തീരുമാനിച്ച് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കവിയാത്ത വ്യക്തികൾ ;

(x) പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ ;

(xi) പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് തൊട്ടു താഴെ തലത്തിൽ മെഡിക്കൽ ആഫീസർ ഉണ്ടെങ്കിൽ പ്രസ്തുത മെഡിക്കൽ ആഫീസർ :

എന്നാൽ കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം 30-ാം വകുപ്പ് (9)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പതിനഞ്ചിൽ കവിയാൻ പാടില്ല.

<u>കുറിപ്പ്</u>:—(vii), (viii) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന എഞ്ചിനീയർ, ഒരു മുനിസിപ്പൽ കൗൺസിലിന്റെ കാര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ആളും ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ആളും ആയിരിക്കേണ്ടതാണ്.

(3) മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണും, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അതിന്റെ വൈസ് ചെയർപേഴ്സണും, പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ അതിന്റെ മെമ്പർ-സെക്രട്ടറിയും ആയിരിക്കുന്നതാണ്:

എന്നാൽ, കൗൺസിൽ തീരുമാനിക്കുന്നപക്ഷം, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനെ മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണായി നിശ്ചയിക്കാവുന്നതാണ്.

(4) കൗൺസിൽ തീരുമാനപ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് മെമ്പർ സെക്രട്ടറി ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിന്റെ പകർപ്പ് എല്ലാ അംഗങ്ങൾക്കും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും നൽകേണ്ടതും പകർപ്പ് മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിലും, പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(5) ഒരിക്കൽ രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി കൗൺസിലിന്റെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്.

(6) മാനേജിംഗ് കമ്മിറ്റിയിൽ അംഗമായ ഒരു കൗൺസിലർ കൗൺസിലിൽ തന്റെ സ്ഥാനം ഒഴിയുന്ന മുറയ്ക്ക് മാനേജിംഗ് കമ്മിറ്റിയിൽ അംഗമല്ലാതായി തീരുന്നതും അയാൾക്ക് പകരം കൗൺസിലിൽ പ്രസ്തുത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ മാനേജിംഗ് കമ്മിറ്റിയിൽ അംഗമായി തീരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്.

(7) മാനേജിംഗ് കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം, ചെയർപേഴ്സന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ അതിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നപക്ഷം, മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം ഒഴിഞ്ഞതായി കരുതപ്പെടുന്നതാണ്.

(8) മാനേജിംഗ് കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം സ്വയം രാജിവയ്ക്കുകയോ, പാപ്പരായി പ്രഖ്യാപിക്കപ്പെടുകയോ, സാന്മാർഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ ചെയ്താൽ മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(9) (7)-ഉം (8)-ഉം ഉപചട്ടങ്ങൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിലെ ഒരാളുടെ അംഗത്വം ഇല്ലാതാകുന്ന സംഗതിയിൽ, ആ വിവരം മെമ്പർ സെക്രട്ടറി പ്രസ്തുത വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(10) മാനേജിംഗ് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഒഴിവുകൾ, യഥാസമയം പുതിയ അംഗങ്ങളെ കൗൺസിൽ തീരുമാനപ്രകാരം നാമനിർദ്ദേശം ചെയ്ത് നികത്തേണ്ടതാണ്.

(11) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ,—

(i) പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ലോക്സഭാംഗം ;

(ii) പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം ;

(iii) ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം ;

(iv) ദേശീയ രാഷ്ട്രീയ കക്ഷികളിൽ ഉൾപ്പെടാത്തതും, എന്നാൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ളതുമായ മറ്റ് രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം ;

(v) സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തപ്പെടുന്നവർ, എന്നിവർക്ക് പുറമേ:

(എ) ഒരു മുനിസിപ്പൽ കൗൺസിലിന്റെ സംഗതിയിൽ,—

(i) കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ ;

(ii) സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ;

(iii) മുനിസിപ്പൽ സെക്രട്ടറി എന്നിവരും ;

(ബി) ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ,—

(i) കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ ;

(ii) സംയോജിത ശിശുവികസന പദ്ധതി പ്രോജക്ട് ആഫീസർ ;

(iii) മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവരും ; സ്ഥിരം ക്ഷണിതാക്കളായിരിക്കുന്നതാണ്.

(12) (11)-ാം ഉപചട്ടത്തിൽ (iii)-ഉം (iv)-ഉം ഖണ്ഡങ്ങളനുസരിച്ച് രാഷ്ട്രീയ കക്ഷികൾക്ക് പ്രാതിനിധ്യം നൽകുവാനായി, സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ളയാളും മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് താമസക്കാരനുമായ ഒരു വ്യക്തിയെ ശുപാർശ ചെയ്യുവാൻ അതത് രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റിനോട് അഥവാ ജില്ലാ സെക്രട്ടറിയോട് മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി ആവശ്യപ്പെടേണ്ടതും, അപ്രകാരം രാഷ്ട്രീയ കക്ഷികൾ ശുപാർശ ചെയ്യുന്ന ഓരോ വ്യക്തിയെ വീതം മാനേജിംഗ് കമ്മിറ്റിയോഗങ്ങളിലേക്ക് സ്ഥിരം ക്ഷണിതാക്കളായി നിശ്ചയിക്കേണ്ടതുമാണ്.

(13) മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ സ്ഥിരം ക്ഷണിതാക്കൾക്ക്, വോട്ടവകാശം ഒഴികെ കമ്മിറ്റിയിലെ ഏതൊരു അംഗത്തിനും ഉള്ള അവകാശങ്ങളുണ്ടായിരിക്കുന്നതാണ്.

(14) (2)-ാം ഉപചട്ടം (ix)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും വ്യക്തി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ലായെന്നതോ (12)-ാം ഉപചട്ടപ്രകാരം സ്ഥിരം ക്ഷണിതാക്കളെ നിശ്ചയിക്കപ്പെട്ടില്ലയെന്നതോ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ കമ്മിറ്റിയുടെ യോഗങ്ങൾ ചേരുന്നതിനോ തടസ്സമാകുന്നതല്ല.

(15) മാനേജിംഗ് കമ്മിറ്റിക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സബ്-കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

4. മാനേജിംഗ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.– (1) മാനേജിംഗ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:–

(i) അതത് സംഗതിപോലെ, ഒരു ഡിസ്പെൻസറിക്കോ, പ്രാഥമികാരോഗ്യ കേന്ദ്രത്തിനോ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോ, താലൂക്ക് ആശുപത്രിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരത്തിൽ കുറയാതെയുള്ള ഭൗതിക സൗകര്യങ്ങളും സേവനങ്ങളും മുനിസിപ്പാലിറ്റിക്ക് ഭരണചുമതലയുള്ള പൊതുജനാരോഗ്യസ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശുപാർശകൾ കൗൺസിലിന് നൽകുക ;

(ii) പൊതുജനാരോഗ്യ സ്ഥാപനത്തിലെ മരാമത്ത് പണികൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളും സാമഗ്രികളും ലഭ്യമാക്കലും അവയുടെ അറ്റകുറ്റ പണികളും, ശുദ്ധജല വിതരണം, വൈദ്യുതോപകരണങ്ങൾ ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുചീകരണ പ്രവർത്തനങ്ങൾ, രോഗികൾക്കും അവരുടെ സഹായികൾക്കും അവരെ സന്ദർശിക്കുന്നവർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക ;

(iii) പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവത്സര-വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റിക്ക് സമർപ്പിക്കുക ;

(iv) മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുകയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അതിൽ നിന്ന് തുക ചെലവിടുകയും ചെയ്യുക ;

(v) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി കൗൺസിലിനും ജില്ലാ മെഡിക്കൽ ആഫീസർക്കും റിപ്പോർട്ട് നൽകുക ;

(vi) പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച പൗരാവകാശരേഖ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ കൗൺസിലിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആവശ്യമെങ്കിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 563 എ വകുപ്പ് പ്രകാരമുള്ള പൗരാവകാശരേഖ പുതുക്കി തയ്യാറാക്കുന്നതിന് കൗൺസിലിന് ശുപാർശ നൽകുകയും ചെയ്യുക.

(2) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്, അതായത്:—

(i) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക ;

(ii) അതത് തലത്തിലുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായിവരുന്ന ഉപകരണങ്ങൾ, സാധന സാമഗ്രികൾ, ഫർണിച്ചർ, മരുന്നുകൾ, ചികിത്സാ സംബന്ധമായി ആവശ്യമുള്ള മറ്റ് വസ്തുക്കൾ എന്നിവ വിലയ്ക്ക് വാങ്ങിയോ, സംഭാവനയായി സ്വീകരിച്ചോ, മറ്റ് വിധത്തിലോ ലഭ്യമാക്കുക ;

(iii) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഉന്നയിക്കപ്പെടുന്ന പരാതികൾ പരിശോധിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക ;

(iv) പൊതുജനാരോഗ്യ സ്ഥാപനവുമായി ബന്ധപ്പെട്ട ഫീൽഡുതല ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക ;

(v) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും തടയാൻ ജാഗ്രത പാലിക്കുക ;

(vi) സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുക ;

(vii) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജന സഹകരണം പ്രോത്സാഹിപ്പിക്കുക ;

(viii) മാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക ;

(ix) ആശുപത്രി മാലിന്യങ്ങളും മറ്റ് ബയോ-മെഡിക്കൽ മാലിന്യങ്ങളും ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുക ;

(x) ആവശ്യമെങ്കിൽ, പൊതുജനാരോഗ്യ സ്ഥാപനത്തോടനുബന്ധിച്ച് ക്യാന്റീൻ, ന്യായവില മെഡിക്കൽ സ്റ്റോർ, ലബോറട്ടറി, പാൽബൂത്ത്, ടെലിഫോൺ ബൂത്ത് തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ സൗകര്യമൊരുക്കുകയോ നേരിട്ട് നടത്തുകയോ ചെയ്യുക ;

(xi) രോഗനിർണ്ണയത്തിനും ചികിത്സക്കുമായി അധിക സൗകര്യങ്ങൾ ലഭ്യമാക്കുക ;

(xii) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സാമൂഹ്യ ആഡിറ്റ് നടത്തുന്നതിന് ഏർപ്പാടാക്കുക.

5. മാനേജിംഗ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമം.— (1) മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നുകഴിഞ്ഞാൽ അതിന്റെ ആദ്യയോഗം ഒരു മാസത്തിനകവും, തുടർന്നുള്ള യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കലും (കഴിയുന്നതും ഒരു നിശ്ചിതദിവസം), ഇടയ്ക്കുള്ള കാലയളവിലെ യോഗങ്ങൾ ആവശ്യാനുസരണവും, ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാണ്.

(2) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ തീയതിയും, സമയവും അജണ്ടയും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗ തീയതിക്ക് ഏഴ് ദിവസത്തിനു മുമ്പ് മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്കും സ്ഥിരം ക്ഷണിതാക്കൾക്കും മെമ്പർ-സെക്രട്ടറി നൽകേണ്ടതും അതിന്റെ പകർപ്പ് മുനിസിപ്പാലിറ്റിയുടെയും പൊതുജനാരോഗ്യ സ്ഥാപനത്തിന്റെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ, ഏതെങ്കിലും കാര്യത്തിൽ മാനേജിംഗ് കമ്മിറ്റിയുടെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ ഇരുപത്തിനാലു മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക യോഗം വിളിച്ചു കൂട്ടാവുന്നതാണ്.

(3) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ അജണ്ട ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി തയ്യാറാക്കേണ്ടതാണ്.

(4) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ കോറം ആകെ അംഗസംഖ്യയുടെ പകുതി (ഭിന്ന സംഖ്യയെങ്കിൽ തൊട്ടടുത്ത പൂർണ്ണ സംഖ്യ) ആയിരിക്കുന്നതാണ്.

(5) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്-ചെയർപേഴ്സണോ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങൾ തദവസരത്തിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(6) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ അജണ്ടയും യോഗനടപടി കുറിപ്പുകളും തീരുമാനങ്ങളും യോഗത്തിൽ സന്നിഹിതരായ അംഗങ്ങളുടെയും സ്ഥിരം ക്ഷണിതാക്കളുടെയും ഹാജരും രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ മെമ്പർ-സെക്രട്ടറി സൂക്ഷിച്ചു പോരേണ്ടതുമാണ്.

(7) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും മെമ്പർ-സെക്രട്ടറി രേഖാമൂലം അഭിപ്രായം നൽകേണ്ടതും, യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനമെടുക്കേണ്ടതും വോട്ട് തുല്യമാകുന്ന എല്ലാ സംഗതികളിലും അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ടുകൂടി വിനിയോഗിക്കാവുന്നതും തീരുമാനങ്ങളുടെ പകർപ്പ് മെമ്പർ-സെക്രട്ടറി കൗൺസിലിന്റെ അറിവിലേക്ക് സമർപ്പിക്കാനായി മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. ആവശ്യമായ സന്ദർഭങ്ങളിൽ യോഗ തീരുമാനങ്ങളുടെ പകർപ്പുകൾ സർക്കാരിനും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാനങ്ങൾക്കും കൂടി മെമ്പർ-സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്.

(8) മാനേജിംഗ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ അതിന്റെ അധികാര പരിധിക്കും ചുമതലകൾക്കും വിധേയമായി മെമ്പർ-സെക്രട്ടറി നടപ്പാക്കേണ്ടതും അതിലേക്കായി സ്വീകരിച്ച നടപടികൾ മാനേജിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്:

എന്നാൽ, പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പൊതുവായ താൽപര്യങ്ങൾക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്ന് മെമ്പർ-സെക്രട്ടറി കരുതുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് മുമ്പ് കൗൺസിലിന്റെയും, ജില്ലാ മെഡിക്കൽ ആഫീസ്സറുടെയും, ആവശ്യമെങ്കിൽ സർക്കാരിന്റെയും അനുമതി വാങ്ങേണ്ടതാണ്.

(9) ഒരു മുനിസിപ്പാലിറ്റിയുടെ ഭരണ നിയന്ത്രണത്തിലുള്ള ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിലെടുത്ത ഏതൊരു തീരുമാനവും പ്രസ്തുത യോഗത്തിന് ശേഷം ആദ്യമായി ചേരുന്ന വാർഡ് സഭകളുടെ/വാർഡ് കമ്മിറ്റികളുടെ യോഗത്തിൽ വായിക്കേണ്ടതും അതിനായി യോഗ തീരുമാനത്തിന്റെ പകർപ്പുകൾ മുനിസിപ്പാലിറ്റി സെക്രട്ടറി വാർഡ് സഭാ കൺവീനർമാർക്ക്/വാർഡ് കമ്മിറ്റി ചെയർമാൻമാർക്ക് നൽകേണ്ടതുമാണ്.

6. ആശുപത്രി വികസന ഫണ്ട് രൂപീകരിക്കൽ.—(1) പൊതുജനാരോഗ്യ സ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നടത്തുന്നതിനും, യന്ത്രസാമഗ്രികൾ, ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, രോഗനിർണ്ണയ-ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, സർവ്വോപരി പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ വികസനത്തിനും വേണ്ടി ''ആശുപത്രി വികസന ഫണ്ട്'' എന്ന പേരിൽ ഒരു ഫണ്ട് മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ആശുപത്രി വികസന ഫണ്ടിൽ താഴെ പറയുന്ന വരവിനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്, അതായത്:—

(i) മുനിസിപ്പാലിറ്റി ലഭ്യമാക്കുന്നതും മുനിസിപ്പാലിറ്റി മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ ;

(ii) കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ടുകൾ ;

(iii) പൊതുജനാരോഗ്യ സ്ഥാപനം നൽകുന്ന സേവനങ്ങൾക്കും, ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കും, സർക്കാർ അനുവദിക്കുന്ന നിരക്കിൽ, ഈടാക്കുന്ന ഫീസുകളും ചാർജ്ജുകളും ;

(iv) പൊതുജനങ്ങളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ;

(v) 4-ാം ചട്ടം (2)-ാം ഉപചട്ടം (x)-ാം ഖണ്ഡ പ്രകാരം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫീസുകളും മറ്റ് വരുമാനവും ;

(vi) മറ്റ് പലവക വരുമാനങ്ങൾ.

(3) മാനേജിംഗ് കമ്മിറ്റിയുടെ മെമ്പർ-സെക്രട്ടറി ആശുപത്രി വികസന ഫണ്ടിന്റെ സൂക്ഷിപ്പുകാരൻ ആയിരിക്കുന്നതും അദ്ദേഹം ഫണ്ടിന്റെ വരവ് ചെലവ് കണക്കുകളും അത് സംബന്ധിച്ച രജിസ്റ്ററുകളും രസീതുകളും, ബില്ലുകളും, വൗച്ചറുകളും സൂക്ഷിച്ചു പോരേണ്ടതുമാണ്.

(4) ആശുപത്രി വികസന ഫണ്ടിലേക്ക് ലഭിക്കുന്ന ഏതൊരു സംഭാവനയ്ക്കും മെമ്പർ-സെക്രട്ടറി രസീത് നൽകേണ്ടതും അത് അച്ചടിച്ച നമ്പരിട്ട ഫാറത്തിലും കാർബൺ പകർപ്പോട് കൂടിയതുമായിരിക്കേണ്ടതുമാണ്.

(5) ആശുപത്രി വികസന ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി, പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തോ, അതിനടുത്തോ ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സന്റെയും മെമ്പർ-സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും പ്രസ്തുത അക്കൗണ്ടിൽ തുക നിക്ഷേപിക്കേണ്ടതും തുക പിൻവലിക്കുന്നത് ചെയർപേഴ്സണും മെമ്പർ-സെക്രട്ടറിയും ഒപ്പിട്ട ചെക്ക് മുഖേനയായിരിക്കേണ്ടതുമാണ്.

7. ആശുപത്രി വികസന ഫണ്ടിന്റെ വിനിയോഗം.—(1) 6-ാം ചട്ടം (1)-ാം ഉപ ചട്ടത്തിൽ പറയുന്ന ആവശ്യങ്ങൾക്ക്, മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ആശുപത്രി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്:

എന്നാൽ, ഓരോ തലത്തിലുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിന് അനുവദനീയമല്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനോ ചെലവുകൾ ചെയ്യുന്നതിനോ ആശുപത്രി വികസന ഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ല.

(2) അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങളുടെ സംഗതിയിൽ മാനേജിംഗ് കമ്മിറ്റിയുടെ അനുവാദം മുൻകൂറായി വാങ്ങാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ചെയർപേഴ്സന്റെ അനുവാദത്തോടെ മെമ്പർ-സെക്രട്ടറിക്ക് ചെലവ് ചെയ്യാവുന്നതും അതിന് തൊട്ടടുത്ത് ചേരുന്ന മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ കണക്ക് സമർപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്.

8. ജീവനക്കാരെ നിയോഗിക്കൽ.—(1) മാനേജിംഗ് കമ്മിറ്റിക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുവാനും രോഗികൾക്കും, പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും, 6-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന (i)-ഉം (ii)-ഉം ഒഴിച്ചുള്ള ഇനങ്ങളിലെ വരുമാനത്തിന്റെ ലഭ്യതയ്ക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കൗൺസിലിന്റെ മുൻകൂർ അനുമതിക്കും വിധേയമായി, പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ, ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കാവുന്നതാണ്:

എന്നാൽ, ഈ ഇനത്തിലുള്ള വാർഷികച്ചെലവ്, ഇതിനായി 6-ാം ചട്ടം (2)-ാം ഉപ ചട്ടത്തിൽ പരാമർശിക്കുന്ന (i)-ഉം (ii)-ഉം ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷിക വരുമാനത്തിന്റെ 50 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, മാനേജിംഗ് കമ്മിറ്റിയിലെ ഒരു അംഗത്തെയോ ഒരു കൗൺസിലറെയോ അവരുടെ കുടുംബത്തിലെ ഏതെങ്കിലും വ്യക്തിയെയോ ഈ ചട്ടത്തിൻ കീഴിൽ പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കുവാൻ പാടുള്ളതല്ല.

കുറിപ്പ്.—ഈ ചട്ടത്തിന്റെ ആവശ്യത്തിന് കുടുംബം എന്നതിൽ ഒരാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മകൻ, മകൾ, അവരുടെ മക്കൾ, സഹോദരൻ, സഹോദരി, പിതാവ്, മാതാവ് എന്നിവരും ഉൾപ്പെടുന്നതാണ്.

(2) കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ടും മാനേജിംഗ് കമ്മിറ്റി ഏർപ്പെടുത്തുന്ന ഒരു സെലക്ഷൻ കമ്മിറ്റി അപേക്ഷകരുടെ യോഗ്യതാനിർണ്ണയം

നടത്തിയതിനുശേഷവും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിന് കൗൺസിലിന്റെ അംഗീകാരം വാങ്ങിയതിനുശേഷവുമായിരിക്കേണ്ടതാണ്.

(3) താൽക്കാലികമായി ജോലിക്ക് നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സർവ്വീസിൽ സ്ഥിര നിയമനത്തിന് യാതൊരു അർഹതയുമുണ്ടായിരിക്കുന്നതല്ലാത്തതും, ഇക്കാര്യം അവരെ നിയോഗിച്ചു കൊണ്ടുള്ള ഉത്തരവിലും, കരാറിലും വ്യക്തമാക്കിയിരിക്കേണ്ടതുമാണ്.

9. ആശുപത്രി വികസന ഫണ്ടിന്റെ ആഡിറ്റ്.—(1) ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥനോ മുനിസിപ്പാലിറ്റിയുടെ ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെയും സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും കൗൺസിലിനും നൽകേണ്ടതുമാണ്.

(2) മെമ്പർ-സെക്രട്ടറിക്ക് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് മാനേജിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി വയ്ക്കേണ്ടതാണ്. കൂടാതെ അതിൽ ക്രമക്കേടുകളോ പോരായ്മകളോ പരാമർശിച്ചിട്ടുണ്ടെങ്കിൽ അവ മെമ്പർ-സെക്രട്ടറി പരിഹരിക്കേണ്ടതും അത് സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് എത്രയും വേഗം മാനേജിംഗ് കമ്മിറ്റിക്കും, കൗൺസിലിനും, ആഡിറ്റർക്കും നൽകേണ്ടതുമാണ്.

(3) ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് കൗൺസിലിന് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ട് കൗൺസിൽ പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ-സെക്രട്ടറിക്കും നൽകേണ്ടതാണ്.

(4) (1)-ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

10. പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ കൗൺസിലിന്റെ നിയന്ത്രണാധികാരം.—(1) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണത്തെ സംബന്ധിച്ചും ആശുപത്രി വികസന ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ചും സന്ദർഭം ആവശ്യപ്പെടുന്നപക്ഷം കൗൺസിൽ അധികാരപ്പെടുത്തുന്ന ഒരു സബ്-കമ്മിറ്റിക്ക് ആവശ്യമായ അന്വേഷണവും പരിശോധനയും നടത്താവുന്നതും സബ്-കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ കൗൺസിലിന്, മാനേജിംഗ് കമ്മിറ്റിക്ക് നൽകാവുന്നതുമാണ്.

(2) കൗൺസിൽ അധികാരപ്പെടുത്തുന്ന സബ്-കമ്മിറ്റി നടത്തുന്ന അന്വേഷണവും പരിശോധനയുമായി മാനേജിംഗ് കമ്മിറ്റിയും മെമ്പർ-സെക്രട്ടറിയും സഹകരിക്കേണ്ടതും അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

(3) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കും മെമ്പർ-സെക്രട്ടറിക്കും കൗൺസിൽ നൽകുന്ന യുക്തിസഹമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിയും മെമ്പർ-സെക്രട്ടറിയും പാലിക്കേണ്ടതാണ്.

12

11. സാങ്കേതികവും ചികിത്സാപരവുമായ കാര്യങ്ങളിൽ ഇടപെടാതിരിക്കൽ.— (1) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കോ മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്കോ തികച്ചും സാങ്കേതികമോ, രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ടതോ ആയ കാര്യങ്ങളിൽ ഇടപെടുവാനോ, രേഖകൾ പരിശോധിക്കുവാനോ, ആർക്കെങ്കിലും നിർദ്ദേശങ്ങൾ നൽകുവാനോ അധികാരമുണ്ടായിരിക്കുന്നതല്ല.

(2) പൊതുജനാരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ജോലി സംബന്ധമായി അനുവദിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളിലും സ്വാതന്ത്ര്യത്തിലും, മാനേജിംഗ് കമ്മിറ്റിയോ, മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളോ ഇടപെടാൻ പാടില്ലാത്തതും, തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥരും ജീവനക്കാരും നടപടിക്രമങ്ങളും സാങ്കേതിക മാനദണ്ഡങ്ങളും പാലിക്കേണ്ടതും അവരുടെ അറിവും അനുഭവ സമ്പത്തും സേവന കാര്യത്തിൽ പൂർണ്ണമായി പ്രയോഗിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. എസ്. സെന്തിൽ,

*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 30 (4) എന്ന വകുപ്പു പ്രകാരം മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും ചേർമാനുൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി. നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ ഘടനയും കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ചുകൊണ്ടും കമ്മിറ്റി രൂപീകരിക്കുന്ന ഫണ്ടിന്റെ സ്രോതസ്സുകളും അതിന്റെ വിനിയോഗവും നിർണ്ണയിച്ചുകൊണ്ടും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടും ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

Hari
സെക്ഷൻ ഓഫീസർ

---

അനുബന്ധം - 5.

Note No. #1

24048
14/11/17

Attachment:GOMsNo162-2017.pdf

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ ആശുപത്രി വികസന സമിതി/ആശുപത്രി വികസന കമ്മിറ്റി - നിലവിൽ പാർലമെന്റ് - നിയമസഭ അംഗങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടിയിലെ അംഗങ്ങൾ ആശുപത്രികൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളിലെയും അംഗങ്ങളെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(കൈ) നം.162/2017/ആ.കു.വ — തിരുവനന്തപുരം, തീയതി.13.11.2017

പരാമർശം : സർക്കാർ ഉത്തരവ് (കൈ) നം.1?9/2007/ആ.കു.വ തീയതി 16.06.2007

ഉത്തരവ്

മേൽ പരാമർശിത ഉത്തരവു പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ആശുപത്രി വികസന സമിതിയിൽ/ആശുപത്രി വികസന കമ്മിറ്റിയിൽ അതാത് ആശുപത്രി സ്ഥിതിചെയ്യുന്ന മണ്ഡലങ്ങളിലെ പാർലമെന്റ് അംഗത്തിനും നിയമസഭ അംഗത്തിനും ത്രിതല സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ ഓരോ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ പല ആശുപത്രി സമിതി/കമ്മിറ്റിയിലും അംഗീകൃത രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങളെ ഉൾപ്പെടുത്താൻ കഴിയുന്നില്ല എന്ന നിരവധി പരാതികൾ സംസ്ഥാനത്തിന്റെ പല കോണുകളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുകയും ആശുപത്രി വികസന സമിതിയിൽ/ആശുപത്രി വികസന കമ്മിറ്റിയിൽ നിലവിലുള്ള പ്രകാരം കേരള നിയമസഭയിലോ തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങളോ ഉള്ള പാർട്ടികൾക്ക് പുറമേ അതാത് ആശുപത്രി സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉള്ള പാർട്ടികളുടെ പ്രതിനിധികളെ കൂടി അതാത് ആശുപത്രി വികസന കമ്മിറ്റിയിലും/സമിതിയിലും ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി പരാമർശിത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ബി.ബാഹുലേയൻ
അഡീഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഹോമിയോപ്പതി, തിരുവനന്തപുരം.
പ്രിൻസിപ്പൽ/സൂപ്രണ്ട്, എല്ലാ മെഡിക്കൽ കോളേജുകളും (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സൂപ്രണ്ട്, ജനറൽ ആശുപത്രി/സ്പെഷ്യാലിറ്റി ആശുപത്രി/താലൂക്ക് ആശുപത്രി (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ ബഹു.മേയർമാർക്കും/എല്ലാ മുൻസിപ്പൽ ചെയർമാൻമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, നഗരകാര്യം, തിരുവനന്തപുരം.
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും (ഡയറക്ടർ, പഞ്ചായത്ത് മുഖേന)
ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് / പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Hon
സെക്ഷൻ ഓഫീസർ.